1. ലോകബാങ്കിന് വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്.

2. വായ്പ തുക 2011 ഏപ്രിൽ 1-നും 2035 ഒക്ടോബർ 1-നും ഇടയിൽ അർദ്ധ വാർഷിക ഗഡുക്കളായി ഏപ്രിൽ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ അടയ്ക്കേണ്ടതാണ്.

3. 2020 ഒക്ടോബർ 1 വരെയുള്ള തവണകളിൽ ആകെ ലഭിക്കുന്ന വായ്പയുടെ 1.25% വീതവും അതിനുശേഷമുള്ള തവണകളിൽ 2.5% വീതവുമായിരിക്കും തിരിച്ചടയ്ക്കേണ്ടത്.

4. പ്രസ്തുത വായ്പയ്ക്ക് പലിശ ഈടാക്കുന്നില്ല. എന്നാൽ വായ്പയുടെ 0.5% കമ്മിറ്റ്മെന്റ് ചാർജ്ജും 0.75% സർവ്വീസ് ചാർജ്ജും നൽകേണ്ടതാണ്.

5. കമ്മിറ്റ്മെന്റ് ചാർജ്ജും സർവ്വീസ് ചാർജ്ജും ഓരോ വർഷവും ഏപ്രിൽ 1-നും ഒക്ടോബർ 1-നും അർദ്ധവാർഷിക തവണകളായി നൽകേണ്ടതാണ്.

6. സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന പ്രസ്തുത സഹായം അതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടയ്ക്കേണ്ടതാണ്.

(ഇ) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

അണക്കെട്ടുകളുടെ ജലസംഭരണശേഷി

14 (*549) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ മൊത്തം ജലസംഭരണശേഷി എത്രയാണ് എന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ നദികളിലൂടെ കടലിലേക്ക് ഒഴുകിപ്പോകുന്ന മിച്ചജലത്തിന്റെ അളവ് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ജലനഷ്ടം ഒഴിവാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ജലസേചന വകുപ്പിന്റെ കീഴിലുള്ള 13 അണക്കെട്ടുകളോടനുബന്ധിച്ചുള്ള ജലസംഭരണികളിലെ മൊത്തം ജലസംഭരണശേഷി 1478.94 ദശലക്ഷം ഘനമീറ്ററാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ നദികളിൽ നിന്നും കടലിലേക്ക് മിച്ച ജലം ഒഴുകിപ്പോകുന്നില്ല. വൈദ്യുതി ഉല്പാദനം, ജലസേചനം, ഗാർഹിക, ഗാർഹികേതര ആവശ്യങ്ങൾ തുടങ്ങിയവയ്ക്ക് ജലം ഉപയോഗിച്ചതിനുശേഷം കുറച്ചുജലം കടലിലേക്ക് ഒഴുകിപ്പോകുന്നുണ്ട്. ഇതിന്റെ അളവ് കണക്കാക്കിയിട്ടില്ല. ഉപ്പുവെള്ളം കയറുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കുവാനും പരിസ്ഥിതി സന്തുലനം (Environmental and Ecological balance) നിലനിർത്തുന്നതിനു വേണ്ടിയും ജലം ഒഴുകിപ്പോകാൻ അനുവദിക്കേണ്ടതുണ്ട്.

(സി) കൂടുതൽ ജലം ഉപയോഗിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ പരിഗണനയിലുണ്ട്.

ചെമ്മീനുകളിൽ രാസവസ്തുക്കളുടെ അതിപ്രസരം

15 (*550) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. മോഹൻ കുമാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്ന് കയറ്റി അയയ്ക്കുന്നതിനും ഫാമുകളിൽ വളർത്തപ്പെടുന്നതുമായ ചെമ്മീനുകളിൽ രാസവസ്തുക്കളുടെ അതിപ്രസരം കാണപ്പെടുന്നുണ്ടോ ;

(ബി) ഫാമിൽ വളർത്തുന്ന ചെമ്മീനുകളിൽ രാസവസ്തുക്കൾ അനുവദനീയമായ പരിധിയിലും കൂടാതിരിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെമ്മീൻ ഫാമുകളിലും മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങളിലും കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ള ആന്റിബയോട്ടിക്കുകളും മറ്റു മരുന്നുകളും ഉപയോഗിക്കുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച അറിയിപ്പുകൾ ചെമ്മീൻ കർഷകർക്ക് നൽകുകയും കർഷക സംഗമങ്ങളിലൂടെയും സെമിനാറുകളിലൂടെയും ബോധവൽക്കരണം നടത്തിവരുകയും ചെയ്യുന്നു. അമിത അളവിലുള്ള കീടനാശിനി പ്രയോഗവും ആന്റിബയോട്ടിക്കുകളുടെ ഉപയോഗവും നിയമംമൂലം തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ മത്സ്യമേഖലാ പരിപാലന നയം 2004-ൽ തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ കൂടെക്കൂടെ പരിശോധനകൾ നടത്തി ഫാമുകളിൽ ഉപയോഗിക്കുന്ന ആഹാരവസ്തുക്കളുടേയും മരുന്നുകളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly